# മഹാത്മാഗാന്ധി സർവ്വകലാശാല

നമ്പർ: എ.ഡി.എ1-1-308/2016 തീയതി: 28.05.2017

## സർക്കുലർ

വിഷയം: ജീവനക്കാര്യം – താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും സർക്കാർ ഉത്തരവ് പ്രകാരം നീക്കി വച്ചിരിക്കുന്ന 4% അസിസ്റ്റൻറ് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് അപേക്ഷ സ്വീകരിക്കുന്നത് – സംബന്ധിച്ച്

സൂചന: 1 GO (MS) No.31/06/GAD dated 25.01.2006.
2. GO (MS) No.196/2010/GAD dated 17.05.2010.
3. 03.10.2015 ലെ ഐറ്റം നമ്പർ 1892 പ്രകാരമുള്ള സിൻഡിക്കേറ്റ് സ്റ്റാൻഡിംഗ് കമ്മറ്റി (സ്റ്റാഫ്) എടുത്ത തീരുമാനം.
4. 05.09.2016 ലെ ഐറ്റം നമ്പർ 57/16.08/161926 പ്രകാരമുള്ള സിൻഡിക്കേറ്റ് തീരുമാനം.

സൂചന (1) പ്രകാരം സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം തസ്തികകളിൽ ജോലി നോക്കുന്ന ജീവനക്കാരിൽ 4 വർഷം സർവ്വീസുള്ള അംഗീകൃത സർവ്വകലാശാല ബിരുദധാരികൾക്ക് തസ്തികമാറ്റം വഴി അസിസ്റ്റൻറായി സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ നിയമനം നൽകാൻ സർക്കാർ ഉത്തരവായിരുന്നു. പിന്നീട് സൂചന (2) പ്രകാരം തസ്തികമാറ്റം വഴിയുള്ള അസിസ്റ്റൻറ് തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി മാറ്റി വയ്ക്കുന്ന തസ്തിക ഒഴിവ് 2% ൽ നിന്നും 4% ആക്കി വർദ്ധിപ്പിച്ചിരുന്നു. ടി ഉത്തരവുകൾ ഈ സർവ്വകലാശാലയിൽ നടപ്പിലാക്കുകയും അതിൻപ്രകാരം അസിസ്റ്റൻറ് തസ്തികയിലെ (entry cadre) ആകെ എണ്ണത്തിൻെറ 4% ടി വിഭാഗം ജീവനക്കാർക്കായി നീക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

അസിസ്റ്റൻറ് തസ്തികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക് ജീവനക്കാരിൽ നിന്നും സർക്കുലർ മുഖാന്തിരം അപേക്ഷ ക്ഷണിക്കുവാൻ സൂചന (3) പ്രകാരവും അങ്ങനെ ക്ഷണിക്കുമ്പോൾ അസിസ്റ്റൻറ് തസ്തികയുടെ ശമ്പള സ്കെയിലിന് തൊട്ട് താഴെ വരെ ശമ്പള സ്കെയിലുള്ള എല്ലാ താഴ്ന്ന വിഭാഗം ജീവനക്കാരേയും സൂചന (1) ഉത്തരവിൻെറയും, സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ ബന്ധപ്പെട്ട വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ സ്ഥാനക്കയറ്റത്തിന് പരിഗണിക്കുവാനും സൂചന (4) പ്രകാരവും തീരുമാനിച്ചിരുന്നു.

ആയതിനാൽ, 2017 ജൂൺ 1 -ാം തീയതി വരെ ഒഴിവാകുന്നതും താഴ്ന്ന വിഭാഗം ജീവനക്കാർക്കായി നീക്കിവച്ചിട്ടുള്ളതുമായ അസിസ്റ്റൻറ് തസ്തികയിലേയ്ക്ക് രൂപ 27,800 – 59,400/- ശമ്പള സ്കെയിലിന് തൊട്ട് താഴെ വരെ ശമ്പള സ്കെയിലുള്ളവരും 4 വർഷം സർവ്വീസുള്ള അംഗീകൃത സർവ്വകലാശാല ബിരുദധാരികളായ താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ലഭിക്കുന്ന അപേക്ഷകളിൽ നിന്നും സീനിയോരിറ്റിയുടെ അടിസ്ഥാനത്തിലും സർക്കാർ ഉത്തരവുകളുടേയും സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുമായിരിക്കും നിയമനം നൽകുക.

പൂരിപ്പിച്ച അപേക്ഷകൾ ഓഫീസ് മേലധികാരി മുഖേന ജൂൺ 15–ാം തീയതിയ്ക്കകം Ad.AI. സെക്ഷനിൽ ലഭിച്ചിരിക്കേണ്ടതാണ്.

ഒപ്പ്
രജിസ്ട്രാർ

പകർപ്പ്:

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലറുടെ പി.എസ്
3. രജിസ്ട്രാറുടെ/കൺട്രോളർ ഓഫ് എക്സാമിനേഷൻസിൻെറ/ ഫിനാൻസ് ഓഫീസറുടെ പി.എ. മാർ
4. അസിസ്റ്റൻറ് സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ
5. പബ്ലിക് റിലേഷൻസ് ഓഫീസർ.
6. നോട്ടീസ് ബോർഡ്/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

താഴ്ന്ന വിഭാഗം ജീവനക്കാരിൽ നിന്നും തസ്തികമാറ്റം വഴി അസിസ്റ്റൻറായി രൂപ **27,800 – 59,400/-** ശമ്പള സ്കെയിലിൽ (താല്കാലികം) നിയമനത്തിനായുള്ള അപേക്ഷ

| | | |
|---|---|---|
| 1 | അപേക്ഷകൻെറ പേരും ഉദ്യോഗപ്പേരും | |
| 2 | മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഉദ്യോഗത്തിൽ പ്രവേശിച്ച തീയതിയും തസ്തികയുടെ പേരും | |
| 3 | നിലവിലെ തസ്തികയും, ടി തസ്തികയിൽ പ്രവേശിച്ച തീയതിയും, ശമ്പള സ്കെയിലും | |
| 4 | വിദ്യാഭ്യാസ യോഗ്യത | |
| | സർവ്വകലാശാലയുടെ പേര് | |
| | രജിസ്റ്റർ നമ്പർ | |
| | പാസായ വർഷം | |
| | പരീക്ഷാഫലം പ്രസിദ്ധീകരിച്ച തീയതി (ഇതു സംബന്ധിച്ച സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്) | |
| വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും മാർക്ക് ലിസ്റ്റുകളുടെയും സാക്ഷ്യപ്പെടുത്തിയ കോപ്പികൾ ഉള്ളടക്കം ചെയ്യേണ്ടതാണ്. | | |

## സർട്ടിഫിക്കറ്റ്

മേൽ പരാമർശിച്ചിരിക്കുന്ന വസ്തുതകൾ എൻെറ അറിവിലും വിശ്വാസത്തിലും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. എന്തെങ്കിലും തെറ്റായ വസ്തുതകൾ ശ്രദ്ധയിൽപെട്ടാൽ നിയമനം റദ്ദാക്കുന്നതിന് കാരണമാണെന്ന് എനിക്ക് പൂർണ്ണ ബോധ്യമുള്ളതാണ്.

സ്ഥലം:

തീയതി:

ഒപ്പ്.

പേര്:

തസ്തിക:

സെക്ഷൻ/ഡിപ്പാർട്ട്മെൻറ്:

മൊബൈൽ നമ്പർ:

...... 2

സെക്ഷൻ:

<u>ഓഫീസ് ഉപയോഗത്തിനു മാത്രം</u>

ശ്രീ./ശ്രീമതി ................................................................................. ടി അപേക്ഷയിൽ സൂചിപ്പിച്ചിരിക്കുന്ന വിവരങ്ങൾ ടിയാൻെറ/ടിയാളുടെ സേവനപുസ്തകവും മറ്റു അനുബന്ധ രേഖകളും പരിശോധിച്ചതിൻ പ്രകാരം പൂർണ്ണമായും ശരിയാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്:

സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥൻെറ

പേരും തസ്തികയും:

സ്ഥലം:

തീയതി: